നം. സി.ഇ.ഇ/2347/2008/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## വിഷയം:- തിരുവല്ലയിലെ പുഷ്പഗിരി കോളേജ് ഓഫ് ഡന്റൽ സയൻസസിൽ ബി.ഡി.എസ്. കോഴ്സ് പ്രവേശനം - സംബന്ധിച്ച്.

**സൂചന:- ബഹു. സുപ്രീം കോടതിയുടെ 26.08.2008-ലെ ഉത്തരവ്.**

തിരുവല്ലയിലെ പുഷ്പഗിരി കോളേജ് ഓഫ് ഡന്റൽ സയൻസസിൽ ബി.ഡി.എസ്. കോഴ്സിലെ ഒഴിവുള്ള **42** സീറ്റുകളിലേക്ക് പ്രവേശനത്തിന് താത്പര്യമുള്ള വിദ്യാർത്ഥികൾ അവരുടെ സമ്മതം അറിയിക്കേണ്ടതാണ്. ഇതിനായി വിദ്യാർത്ഥികൾ **www.cee.kerala.gov.in/willingness** എന്ന വെബ്സൈറ്റ് **2008 സെപ്റ്റംബർ 1, 2, 3 (വൈകുന്നേരം 5 മണി വരെ) തീയതികളിൽ** സന്ദർശിക്കേണ്ടതാണ്.

അപേക്ഷകർ മെഡിക്കൽ പ്രവേശന പരീക്ഷയിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ യോഗ്യത മാർക്ക് നേടി **(ജനറൽ വിഭാഗം 50% മാർക്ക്, എസ്.സി/എസ്.ടി/എസ്.ഇ.ബി.സി വിഭാഗം 40% മാർക്ക്)** പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ആയിരിക്കണം.

ഫീ റെഗുലേറ്ററി കമ്മിറ്റി ബി.ഡി.എസ്. കോഴ്സിന് നിശ്ചയിച്ചിട്ടുള്ള ഫീസ് നൽകുവാൻ സമ്മതമുള്ള വിദ്യാർത്ഥികൾ മേൽപ്പറഞ്ഞിട്ടുള്ള വെബ്സൈറ്റ് സന്ദർശിച്ച് അവരുടെ സമ്മതം രേഖപ്പെടുത്തേണ്ടതാണ്. ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ 26.04.2007-ലെ FRC02/07/BDS-5 ഉത്തരവ് പ്രകാരം ഈ സ്ഥാപനത്തിലെ ബി.ഡി.എസ്. കോഴ്സിന്റെ **വാർഷിക ട്യൂഷൻ ഫീസ് 87,000/- രൂപയാണ് (എൺപത്തി ഏഴായിരം രൂപ മാത്രം).**

അപ്രകാരം സമ്മതം രേഖപ്പെടുത്തിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് **സെപ്റ്റംബർ 4-ാം തീയതി www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

താത്പര്യമുള്ള വിദ്യാർത്ഥികൾ **2008-ലെ പ്രൊഫഷണൽ കോഴ്സ് പ്രവേശന പരീക്ഷയുടെ** റോൾ നമ്പർ, ആപ്ലിക്കേഷൻ നമ്പർ, കീ നമ്പർ, വിദ്യാർത്ഥി തെരഞ്ഞെടുത്തിട്ടുള്ള പാസ് വേർഡ് എന്നിവ ഉപയോഗിച്ച് വെബ്സൈറ്റിൽ പ്രവേശിച്ച് **03.09.2008 വൈകുന്നേരം 5 മണിക്ക് മുൻപ്** അവരുടെ സമ്മതം രേഖപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരം

31.08.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**